**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ല – കുഞ്ചൻ നമ്പ്യാർ സ്മാരകം കിള്ളിക്കുറുശ്ശിമംഗലം - മെയ് 5 കുഞ്ചൻ ദിനം - പാലക്കാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.1267/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21.04.2017

പരാമർശം:- 1. കുഞ്ചൻ നമ്പ്യാർ സ്മാരക സെക്രട്ടറിയുടെ 28.03.2017 ലെ കത്ത്.
2. സ.ഉ.(എം.എസ്)നം.58/2006/തസ്വഭവ തീയതി. 16/02/2006

**ഉത്തരവ്**

എല്ലാ വർഷവും മെയ് 5 ന് ആഘോഷിക്കുന്ന കുഞ്ചൻ ദിനത്തിലെ സംഘാടന ചെലവുകൾക്ക് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 15,000/- രൂപ വീതവും മുനിസിപ്പാലിറ്റികൾ 25,000/- രൂപ വീതവും സംഭാവന നൽകുന്നതിലേക്ക് ആവശ്യമായ യഥേഷ്ടാനുമതി നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെയ് 5 ന് ആഘോഷിക്കുന്ന കുഞ്ചൻ ദിനത്തിലെ സംഘാടന ചെലവുകൾക്ക് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 15,000/- രൂപ വീതവും മുനിസിപ്പാലിറ്റികൾ 25,000/- രൂപ വീതവും സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എ. ഷാജഹാൻ,
ഗവൺമെന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം, ലക്കിടി, പാലക്കാട് - 679 301.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.